"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം- C TET പ്രൈമറി സ്റ്റേജ് പാസ്സായവരെ കെ ടെറ്റ് കാറ്റഗറി I-ൽ നിന്നും C-TET elementary stage പാസ്സായവരെ കെ-ടെറ്റ് കാറ്റഗറി II-ൽ നിന്നും മാത്രമാണ് ഒഴിവാക്കിയിട്ടുള്ളതെന്നും C-TET യോഗ്യത K-TET കാറ്റഗറി III, K-TET കാറ്റഗറി IV എന്നിവയ്ക്ക് പകരമായി പരിഗണിക്കുകയില്ല എന്ന് വ്യക്തത വരുത്തികൊണ്ടും അപ്രകാരം 30.08.2016 തീയതിയിലെ സ.ഉ(അച്ചടി )നം.145/2016/പൊ.വി.വ ഉത്തരവ് ഭേദഗതി ചെയ്തു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ജെ. ആർ)വകുപ്പ്**

G.O.(P)No.6/2024/GEDN തീയതി,തിരുവനന്തപുരം, 01-02-2024

---

പരാമർശം:-

1. സ.ഉ(അച്ചടി )നം.145/2016/പൊ.വി.വ തീയതി 30.08.2016.
2. 09-03-2018 തീയതിയിലെ 1866829/ജെ3/17/പൊ.വി.വ നമ്പർ പരിപത്രം.
3. ബഹു ഹൈകോടതിയുടെ OP (KAT) 148&82 /2022 നമ്പർ ഹർജികളിലെ 14.08.2023 തീയതിയിലെ പൊതു വിധിന്യായം.
4. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 4.12.2023, 6.1.2024 തീയതികളിലെ എ2-1/50004/2018/KPSC നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

NCTE മാർഗ്ഗനിർദ്ദേശ പ്രകാരം സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ അധ്യാപക നിയമനത്തിന് TET (Teachers Eligibility Test) നിർബന്ധമാക്കി. എന്നാൽ കേരളത്തിൽ ഹൈസ്കൂൾ അധ്യാപകർക്കുകൂടി കെ-ടെറ്റ് നിർബന്ധിതയോഗ്യതയാക്കിയിട്ടുണ്ട്. പരാമർശം (1) ഉത്തരവിൽ CTET യോഗ്യത നേടിയവരെ KTET യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി ഉത്തരവായിട്ടുണ്ട്.

2. പരാമർശം (2) സർക്കാർ പരിപത്രം പ്രകാരം C-TET പ്രൈമറി സ്റ്റേജ് പാസ്സായവരെ കെ ടെറ്റ് കാറ്റഗറി I-ൽ നിന്നും, C-TET elementary stage പാസ്സായവരെ കെ-ടെറ്റ് കാറ്റഗറി II-ൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. _

3. പരാമർശം (2) സർക്കാർ പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ CTET യോഗ്യത K TET I, K TET II എന്നിവയ്ക്ക് പകരമായേ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ, പരാമർശം (1) ലെ സർക്കാർ ഉത്തരവ് പരാമർശം (2) ലെ സർക്കാർ പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തേണ്ടതാണെന്നും അപ്രകാരം ഭേദഗതി വരുത്തി പുറപ്പെടുവിക്കുന്ന ഉത്തരവിന് ടി സർക്കുലർ തീയതി മുതൽ മുൻകാല പ്രാബല്യം നൽകേണ്ടതാണെന്നും പരാമർശം 3 വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. C-TET പ്രൈമറി സ്റ്റേജ് & എലമെന്ററി സ്റ്റേജ് യഥാക്രമം 1 മുതൽ 5 വരെയും 6 മുതൽ 8 വരെയും ക്ലാസ്സുകളിലെ അധ്യാപകനിയമനത്തിനായതിനാലാണ് കെ-ടെറ്റ് I & II നേടുന്നതിൽ നിന്നും C-TET പ്രൈമറി സ്റ്റേജ് & എലമെന്ററി സ്റ്റേജ് നേടിയവരെ ഒഴിവാക്കിയത്. പ്രൈമറി അധ്യാപകയോഗ്യതാ പരീക്ഷയായ C-TET I & II എന്നിവയ്ക്ക് ഹൈസ്കൂൾ അധ്യാപക നിർബന്ധിത യോഗ്യതയായ KTET III, ഭാഷാധ്യാപകർക്കുള്ള നിർബന്ധിത യോഗ്യതയായ KTET-IV എന്നിവയുമായി സമാനതയില്ല. രണ്ടു പരീക്ഷകളുടെയും സിലബസ്സുകളിലും പ്രകടമായ വ്യത്യാസവും ഉണ്ട് . ആകയാൽ C-TET പ്രൈമറി സ്റ്റേജ് & എലമെന്ററി സ്റ്റേജ് യോഗ്യത പരീക്ഷ പാസ്സായവരെ K TET III , K TET IV നേടുന്നതിൽ നിന്നും ഒഴിവാക്കുവാൻ നിർവാഹമില്ല.

ഈ സാഹചര്യത്തിൽ C-TET പ്രൈമറി സ്റ്റേജ് പാസ്സായവരെ കെ ടെറ്റ് കാറ്റഗറി I-ൽ നിന്നും C-TET എലമെന്ററി സ്റ്റേജ് പാസ്സായവരെ കെ-ടെറ്റ് കാറ്റഗറി II-ൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് എന്നും, എന്നാൽ CTET (പ്രൈമറി സ്റ്റേജ് & എലമെന്ററി സ്റ്റേജ്) യോഗ്യത നേടിയവരെ കെ-ടെറ്റ് III, IV യോഗ്യത തേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ലെന്നും വ്യക്തത വരുത്തികൊണ്ട് പരാമർശം (1) ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്തു ഉത്തരവാകുന്നു.

ഈ ഭേദഗതി ഉത്തരവിന് 09.03.2018 തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MEENAMBIKA M I
JOINT SECRETARY

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എസ്. സി.ഇ. ആർ.ടി ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) വിവര പൊതുജന സമ്പർക്ക വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ &ഇ), കേരള, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ഓഫീസർമാർക്കും.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
N.k. Sheena
Date: 02-02-2024 11:41:05
സെക്ഷൻ ഓഫീസർ